# മുട്ടുങ്ങൽ സൗത്ത് യു.പി സ്കൂൾ

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

# ആമുഖം

വിദ്യാലയത്തിന്റെ സമഗ്രഗുണമേന്മ  വിദ്യാഭ്യാസ പദ്ധതിയുമായി ബന്ധപ്പെട്ട്  മുട്ടുങ്ങൽ സൗത്ത്  യു.പി സ്കൂളിന്റെ  2025-26  അധ്യയന വർഷത്തെ കുട്ടികളുടെ സർവോന്മുഖമായ പുരോഗതിയെ  ലക്ഷ്യംവെച്ചുകൊണ്ടുള്ള   വൈവിധ്യവും  ആകർഷ കവുമായ  ബഹുമുഖങ്ങളായ പദ്ധതികളാണ്  വിവിധ  ഭാഷകളും വിഷയങ്ങളുമായി   ബന്ധപ്പെട്ട്  തയ്യാറാക്കിയിട്ടുള്ളത്. മലയാളം , ഇംഗ്ലീഷ് ഹിന്ദി അറബിക്, ഉറുദു സംസ്കൃതം എന്നീ ഭാഷകളുടെയും ഗണിതം  അടിസ്ഥാ നശാസ്ത്രം സാമൂഹ്യശാസ്ത്രം  നൂതന സാങ്കേതിക വിദ്യ ,ആരോഗ്യ കല കായിക വിദ്യാഭ്യാസം എന്നിവയുമായി  വിദ്യാർ ത്ഥികൾ  ആർജ്ജിക്കേണ്ട ശേഷിയുമായി  ബന്ധപ്പെട്ട് ഒട്ടനവധി പദ്ധതികളാണ്  എൽ.പി തലം   മുതൽ  യു.പി വരെ കുട്ടിക ൾക്കായി  ഈ അക്കാദമിക മാസ്റ്റർപ്ലാനിലൂടെ  തയ്യാറാ ക്കിയിട്ടുള്ളത് . വായന എഴുത്ത് , അവത രണം തുടങ്ങിയ  കുട്ടികളുടെ അടിസ്ഥാന ശേഷികൾ ഈ ഒരു വർഷകാലയ ളവിനുള്ളിൽ പരിപോഷിപ്പിച്ചെടുത്ത്  കെ.സി.എഫ്  മുന്നോട്ട് വെക്കുന്ന  ഉദ്ദേശ്യലക്ഷ്യ ങ്ങളിലേക്ക്  വിദ്യാർത്ഥികളെ എത്തിക്കുക എന്നതാണ്  ഇതിന്റെ ലക്ഷ്യം. ഈ ബ്രിഹത്തായ പദ്ധതികൾക്ക് വേണ്ടിയുള്ള ഭൗതികവും  സാമ്പത്തി കവുമായ പിന്തുണ പൂർവ്വവിദ്യാർത്ഥികൾ ,രക്ഷിതാക്കൾ,എസ്.എസ്.ജി  ഉൾപ്പടെയുള്ള  സ്രോതസ്സിൽ നിന്നും കണ്ടെത്താനാണ്  ഉദ്ദേശിച്ചിട്ടുള്ളത് .

# അക്കാദമിക് മാസ്റ്റർപ്ലാൻ

**2025-2026**

## മുട്ടുങ്ങൽ സൗത്ത് യു.പി.സ്കൂൾ

**1st STD മലയാളം**

# മലയാളം

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്രവികസനമാണ് ഓരോ രക്ഷിതാവും ലക്ഷ്യം വെക്കുന്നത്. എഴുത്ത്, വായന, മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നതി നോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. പുതിയവർഷത്തിൽ കുട്ടികൾക്ക് ഭാഷയിലും ശാസ്ത്രത്തിലും ഗണിതത്തിലും കൂടുതൽ അവബോധം ഉണ്ടാക്കാനും സമൂഹത്തിൽ വിദ്യാസമ്പന്നരായി മാറാനും ഈ പ്രവർത്തനങ്ങൾ മൂലം ഓരോ കുട്ടിക്കും സാധ്യമാകുന്നതാണ്. ഈ വർഷം ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തനം സാധ്യതയുള്ളതുമായ വിവിധ പദ്ധതികളാണ് നിങ്ങളുടെ മുന്നിൽ അവതരിപ്പിക്കുന്നത്.

### ലക്ഷ്യങ്ങൾ

* ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും ശേഷിയുള്ളവരാക്കുക.
* ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കൃതികൾ, കഥകൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവാരാക്കുക.
* എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായങ്ങൾ ഇല്ലാതെ ലഘു വാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.
* ലളിതമായ വായനാകാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.

## ലക്ഷ്യം 1

* ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും സ്വന്തമായി എഴുതാനും വായിക്കാനും ശേഷിയുള്ളവരാക്കുക.

## ജൂൺ

* കളികളിലൂടെ ചിത്രവായന
* വിവിധ തരം ചിത്രങ്ങൾ കാണിച്ച് വായനയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുക.
* നിറങ്ങൾ നൽകാൻ അവസരം ഒരുക്കൽ.
* ചിത്രക്കാർഡുകൾ, വായനനിർമ്മാണ ശിൽപ്പശാല
* വായനാ സാമഗ്രിയകൾ തയ്യറാക്കൽ

## ജൂലൈ

* അക്ഷരപ്പാട്ട് നൽകി ആവർത്തിച്ച് വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കൽ.
* ചിത്രവായന നടത്തി പ്രസക്തമായ കാര്യങ്ങൾ വാചികമായി പങ്കിടുന്നു.
* ക്ലാസ് ലൈബ്രറി ഒരുക്കൽ
* വായന മൂല ഒരുക്കൽ

## ആഗസ്റ്റ്

* ചിത്ര വായനാ കാർഡുകൾ തയ്യാറാക്കൽ
* അക്ഷരപ്പാട്ട് നൽകി ആവർത്തിച്ച് വരുന്ന പദങ്ങൾ അക്ഷരങ്ങൾ ഉറപ്പിക്കൽ
* അക്ഷരപ്പാട്ടുകളിലൂടെ ചെറുചോദ്യങ്ങൾ ചോദിക്കൽ
* ആവർത്തിച്ച് വരുന്ന പദങ്ങൾ കണ്ടെത്തി വട്ടം വരയ്ക്കുന്നു
* ക്ലാസ് ലൈബ്രറി നവീകരിക്കൽ

## സപ്തംബർ

* ചിഹ്നങ്ങൾ ഉറപ്പിക്കൽ
* ലളിതമായ വായനാ കാർഡുകൾ സഹായത്തോടെ തയ്യാറാക്കൽ

## ഒക്ടോബർ

* ചിത്രവായന

  ചിത്രവായനയിലൂടെ ചെറുവാക്യങ്ങൾ കണ്ടെത്തുന്നു, വായിക്കുന്നു.
* വായനോത്സവം സംഘടിപ്പിക്കൽ

## നവംബർ

* വരികൾ കൂട്ടിച്ചേർക്കൽ
* മാതൃകകൾ നൽകി വരികൾ കൂട്ടിച്ചേർക്കൽ
* പത്രം വായനയ്ക്ക് അവസരം ഒരുക്കൽ

## ഡിസംബർ

* ചെറുവിവരങ്ങൾ കുട്ടി സ്വന്തമായി തയ്യാറാക്കൽ
* മാഗസിൻ നിർമ്മിക്കൽ

## ജനുവരി

* ചിത്രകഥ
* ചെറുകഥകൾ ചേർക്കുന്നു
* ചിത്രം നോക്കി പറയുന്നു
* ചിത്രം നോക്കി എഴുതാൻ ശ്രമിക്കുന്നു

## ഫിബ്രവരി

* കൂട്ട് വായന

  കുട്ടിക്കൂട്ടങ്ങൾ, ചെറിയ വായനക്കാർഡുകൾ, ബാലസാഹിത്യങ്ങൾ ഉപയോഗിച്ച് പരസ്പരം സഹായിച്ച് ചിത്രകഥാ വായന നടത്തുന്നു.

* ഇ വായന സാധ്യത കണ്ടെത്തൽ

* ഐ.സി.ടി. സാധ്യത ഉറപ്പാക്കൽ

## മാർച്ച്

* കുട്ടികൾ തയ്യാറാക്കിയ കഥകൾ, കവിതകൾ എന്നിവയുടെ പ്രകാശനങ്ങൾ

* **നാട്ടുവായന**

  കുട്ടികൾ നിർമ്മിച്ച് വായനാ തന്ത്രങ്ങൾ അവതരിപ്പിക്കുന്നു. നവമാധ്യമങ്ങളിൽ പങ്കിടുന്നു.

* **അമ്മ വായന**

  അമ്മയും കുട്ടിയും പരസ്പരം വായിച്ച് അയക്കുന്നവ നവ മാധ്യമങ്ങളിൽ പങ്കിടുന്നു.

# അക്കാദമിക് മാസ്റ്റർപ്ലാൻ

## 2025-2026

## മുട്ടുങ്ങൽ സൗത്ത് യു.പി.സ്കൂൾ

**1st STD ഗണിതം**

# ഗണിതം

ഒന്നാം ക്ലാസിൽ നിന്ന് തന്നെ ഗണിത പ്രവർത്തനങ്ങൾ രസകരമായി കുട്ടി നേടിയെടുക്കേണ്ടതുണ്ട്. ഗണിത പ്രവർത്തനങ്ങൾ ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണല്ലോ. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തന ങ്ങളിൽ അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യധാരയിൽ എത്തിക്കേണ്ടത് നമ്മുടെ ആവശ്യമാണ്. ജീവിതത്തിൽ ഓരോ വ്യക്തിയും ഒഴിച്ചുകൂടാത്ത അത്യന്താപേക്ഷിതമാണ് ഗണിത പ്രവർത്തനങ്ങൾ, ഗണിതമില്ലാതെ ജീവിതത്തിൽ ഒന്നുമില്ലയെന്നു തന്നെ പറയാം. ഗണിതം പാട്ടിലൂടെയും കളികളിലൂടെയും ആസ്വാദ്യകരമാക്കാവുന്നതാണ്. പലതരത്തിൽ ഗണിതാശയങ്ങൾ നേടിയെടുക്കാൻ സാധ്യമാകുന്ന തരത്തിൽ തന്നെയാണ് അക്കാദമിക മാസ്റ്റർപ്ലാൻ അവതരിപ്പിക്കുന്നത്.

## ലക്ഷ്യങ്ങൾ

* ഒന്നു മുതൽ അഞ്ചു വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു എഴുതുന്നു.
* 5 വരെയുള്ള എണ്ണത്തെ പകുതി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
  Five frame മിൽ ഗണിത ക്രിയകൾ ചിത്രീകരിക്കുന്നു.
* പകുതിയാക്കാൻ പറ്റുന്ന സംഖ്യകളും അല്ലാത്തവയും വസ്തുക്കൾ വെച്ച് കണ്ടെത്തി വിശദീകരിക്കുന്നു.
* ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ശേഖരിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു.

* ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ  എഴുതുകയും വായിക്കുകയും ചെയ്യുന്നു.
* 9 ൽ താഴെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്രകൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
* ഒരക്ക സംഖ്യകൾ എണ്ണിയെടുക്കാനും എഴുതാനും വായിക്കാനും കഴിയുന്നു.
* ആരോഹണ അവരോഹണ ക്രമത്തിൽ ആക്കൽ
* രണ്ട് ഒരക്കസംഖ്യകളുടെ സങ്കലനം
* രണ്ട് ഒരക്കസംഖ്യകളുടെ വ്യവകലനം
* ഒരക്ക സംഖ്യാ വ്യാഖ്യാനം
* ഒരക്ക സംഖ്യാ പാറ്റേൺ രൂപീകരിക്കൽ
* ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവു നേടുക.

## പ്രവർത്തന പദ്ധതി

### ലക്ഷ്യം

* രണ്ടക്ക സംഖ്യയും ഒരക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ
* രണ്ട് ഒരക്കസംഖ്യകളുടെ സങ്കലനം വ്യവകലനം സംഖ്യാവ്യഖ്യാനം എന്നിവയിൽ എത്തിച്ചേരുന്നതിന്

## ജൂൺ

* സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ
* സംഖ്യകൾ തിരിച്ചറിഞ്ഞ് പറയുന്നു
* സംഖ്യാ കാർഡ് നിർമ്മിക്കൽ

## ജൂലൈ

* ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുക
* സംഖ്യകൾക്കനുസരിച്ച് ചിത്രങ്ങൾ വരച്ച് സംഖ്യാ കാർഡുകൾ നിർമ്മിക്കൽ

## ആഗസ്റ്റ്

* ഒന്നുമുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ
* വലിയ സംഖ്യ  ചെറിയ സംഖ്യ തിരിച്ചറിയൽ
* കൂടുതൽ കുറവ് തിരിച്ചറിയൽ
* ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽഏർപ്പെടൽ

## സപ്തംബർ

* സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ
* ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലനക്രിയകൾ നടത്തൽ
* ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലന ക്രിയകളിൽ ഏർപ്പെടൽ
* ഗണിതകിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത ക്രിയകളിൽ ഏർപ്പെടൽ
* ഒന്നിനോട് ഒന്ന് കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്, സംഖ്യാ ഗാനം ആലപിക്കൽ

**ഒക്ടോബർ**

* ഒറ്റസംഖ്യകൾ ഇരട്ട സംഖ്യകൾ തിരിച്ചറിയൽ
* ഒന്നിടവിട്ട സംഖ്യകൾ ഒറ്റസംഖ്യ ഇരട്ട സംഖ്യ എന്ന തിരിച്ചറിവ് ഉണ്ടാക്കൽ
* വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ പ്രവർത്തനങ്ങൾ
* ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ

**നവംബർ**

* സംഖ്യാഗാനങ്ങൾ പാടുന്നു ശേഖരിക്കുന്നു
* ഗണിത പ്രവർത്തനങ്ങൾ ആസ്വാദ്യകരമാക്കാൻ വർക്ക്ഷീറ്റുകൾ നൽകൽ
* ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിൽ സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടൽ

**ഡിസംബർ**

* സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതൽ
* ഗണിത ആൽബം തയ്യറാക്കാൽ
* മൈ നമ്പർ ബുക്ക് തയ്യറാക്കാൽ
* സംഖ്യകളെ സുന്ദരിയാക്കൽ വർക്ക് ഷീറ്റ് പ്രവർത്തനങ്ങൾ

**ജനുവരി**

* ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങൾ
* സങ്കലനം വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിവ് നേടുന്നു
* സംഖ്യാ വ്യാഖ്യാനത്തിലേക്ക് കടക്കുന്നു

## ഫെബ്രുവരി

* ഗണിത ആൽബം പ്രദർശനം
* ഗണിത മഞ്ചാടി സംഖ്യാ സൂര്യൻ ആൽബം തയ്യാറാക്കൽ പ്രദർശനം
* സംഖ്യാ ഗാന ആൽബം തയ്യാക്കൽ പ്രദർശനം
* ഉത്സവ ഗണിത പ്രവർത്തനങ്ങൾ

## മാർച്ച്

* ഗണിതാശയങ്ങൾ ഉൾപ്പെടുത്തി വിവിധ തരം വർക്ക്ഷീറ്റുകൾ നൽകൽ
* ലളിതമായ ഗണിത ക്രിയകളിൽ ഏർപ്പെടൽ
* ഉല്ലാസ ഗണിതം പ്രവർത്തനങ്ങളിൽ ഏർപ്പെടൽ, മെറ്റീരിയൽസ് ഉപയോഗിച്ച് ഗണിത ഗൈഡുകളിൽ ഏർപ്പെടൽ.
* ഐ.സി.ടി. സാധ്യതയിൽ ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ പരിചയപ്പെടാൻ അവസരം ഒരുക്കൽ
* ഗണിത കിറ്റ് പ്രവർത്തനങ്ങൾ ചെയ്യുന്നു.

# അക്കാദമിക് മാസ്റ്റർപ്ലാൻ

**2025-2026**

## മുട്ടുങ്ങൽ സൗത്ത് യു.പി.സ്കൂൾ

**1st STD ENGLISH**

# INTRODUCTION

The Goal is for the first grader to handle English fluently. The first grader must go from word to big word. Must be able to read, write and speak English with it. No Child should be able to speak English fluently like Malayalam. We have to keep our world Language English, close to our hearts.

Aim – Objectives

**Learning outs comes**

* Simple words, simple sentence, add more lines, description make sure these are in the childrens
* Responds to simple instructions in the class room
* Describes orally about picture and objects using adjectives
* Familiaries with words identifies
* Enjoys songs and sings them with rhythm and action
* Familarises the names of birds animals their young ones and identifies themfrom pictures

**Aim**

* Simple words, simple sentence,to speak read and write make sure these are in the childrens

**Pretest**

* To develop listening skills and reading skills first listening skills.
* Familiarise with words like ant,apple,bat,bag, etc and identifies the words.

## Action plan- Activities

### JUNE

* Simple words introducing.
* Provides picture cards.
* Gives a familiar magic picture card (apple, ant ,umbrella

### JULY

* Says the familiar words
* Writing familiar words

### AUGUST

* Enjoys songs and sings them with rhythm and action
* Describes orally about picture and objects using objectives (colours, shape, small,big

### SEPTEMBER

* Reads and writes simple words and simple sentence.
  (EX : Apple ,an apple ,red apple )
* Provides picture card and reading cards.

## OCTOBER

* Introduce a simple picture descriptions
* Word chain, sentence chain make words.
* Sentences make riddles
* Describing words, rhyming words etc. Textbook activities
* My growing book is being prepared.

## NOVEMBER

* My small description book is being prepared
* Preparing the reading card
* The classroom provides more opportunities to read, write and speak English
* Writes five English words daily
* Prepared and displayed by My English world.

## DECEMBER

* My picture dictionary is being prepared
* My growing book is being prepared
* Simple instructions in the classroom
* Encourages digital reading in the classroom everyday

## JANUARY

* Enjoys songs and sings them with rhythm and action
* My Amazing book is being prepared
* Animal and birds collect pictures
* Animals and young collect young ones
* Spoken English class is provided

## FEBRUARY

* Provides the opportunity to express my self in the classroom, in the assembly and in the CPTA
* English Provide an opportunity to speak fluently and without fear
* A period of daily spoken English class provides and opportunity
* Provides opportunities for English assembly one day a week

## MARCH

* English speaks fluently
* Can read and write simple sentence
* Picture reading, Picture describing  can tell you how to read and write
* My growing books, My picture dictionary, Reading cards, My magic books

# മലയാള മധുരം

ഒന്ന്, രണ്ട് ക്ലാസുകളിലെ കുഞ്ഞുങ്ങൾക്കായി അവധിക്കാലത്ത് വായനത്തുടർച്ച ഉറപ്പുവരുത്തുന്നതിനായി നടത്തിയ നൂതന പരിപാടിയാണ് മലയാള മധുരം. കുഞ്ഞുകഥകൾ ആസ്വദിച്ച് വായിക്കാനും, തങ്ങൾക്ക് കിട്ടിയ ആശയങ്ങൾ പ്രകടിപ്പിക്കാനും ഇതിലൂടെ അവസരം ഒരുക്കി. ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയിലേക്ക് എത്തിക്കുന്നതോടൊപ്പം കുട്ടികളെ ആശയഗ്രഹണ വായനയിലേക്കും ഭാവാത്മക വായനയിലേക്കും നയിക്കുന്നതിലൂടെ ഭാഷാവികാസത്തിന് സാധ്യതയൊരുക്കുന്നു.

**പ്രവർത്തന ലക്ഷ്യങ്ങൾ:**

- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരമൊരുക്കുന്നു.
- സർഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു.
- ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- കുഞ്ഞു ചിത്രകഥാ പുസ്തകങ്ങൾ സ്വയം നിർമിക്കാൻ പ്രാപ്തി നേടുന്നു

**പ്രവർത്തന ഘട്ടങ്ങൾ**

- അവധിക്കാലത്ത് തുടങ്ങിയ പ്രവർത്തനം എസ്.ആർ.ജിയിൽ അവലോകനം ചെയ്യുന്നു. ( മെയ് അവസാനം)
- തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.
- CPTA യിൽ അവലോകനവും, തുടർപ്രവർത്തനങ്ങളുടെ വിശദീകരണവും (ജൂൺ ആദ്യവാരം)
- കുട്ടിയും രക്ഷിതാവും ചേർന്നവായന ആരംഭിക്കുന്നു (ജൂൺ)
- തുടർന്നുള്ള മാസങ്ങളിൽ വായനോത്സവം, കലോത്സവം, വായനാ ചങ്ങാത്തം എന്നിവ സംഘടിപ്പിക്കുന്നു.
- രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര രചനകൾ നടത്തുന്നു. (ഓരോ ടേമിലും)
- കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു.
- ഭാക്ഷോത്സവത്തിൽ പുസ്തകം പ്രസിദ്ധീകരിച്ചു പ്രകാശനം നടത്തുന്നു.
- വ്യക്തിഗത പുസ്തകം തയ്യാറാക്കാനുള്ള പ്രോത്സാഹനം നൽകുന്നു.

**വിലയിരുത്തൽ**

- മലയാള മധുരം പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്തിട്ടുണ്ട്
- രക്ഷിതാവിന്റെ പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്
- വായനയുടെ ഘട്ടങ്ങൾ കൃത്യമായി പാലിച്ച് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്
- കഥോത്സവം, വായനോത്സവം എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്
- ഭാഷോത്സവത്തിന്റെ ഭാഗമായി കുഞ്ഞെഴുത്ത് പുസ്തകം പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്
- കുട്ടികളുടെ വിവിധ പ്രകടന രൂപങ്ങൾ വീഡിയോ ഡോക്യൂമെന്റ് ചെയ്ത് സമൂഹവുമായി പങ്കു വെച്ചിട്ടുണ്ട്

ചുമതല

ക്ലാസ് ടീച്ചർ, PTA, HM

സാമ്പത്തികം

PTA, SSK

# സംയുക്ത ഡയറി

രക്ഷിതാവിന്റെ/അധ്യാപികയുടെ സഹായത്തോടെ ദൈനംദിന അനുഭവങ്ങളെ ആത്മാംശം ഉൾക്കൊണ്ട് എഴുതുന്നതിന് സംയുക്ത ഡയറിയിലൂടെ കുട്ടിക്ക് കഴിയുന്നു. ഭാഷാപഠനത്തിൽ രചനയുടെ അടിസ്ഥാന ശേഷി വികസനം സാധ്യമാകുന്നതിത് ഡയറി എഴുത്തിന് കഴിയുന്നു. കുട്ടിയെ സർഗാത്മക രചനയിലേക്ക് നയിക്കുന്നതിൽ സംയുക്ത ഡയറി വളരെ സ്വാധീനം ചെലുത്തുന്നു. വിഭിന്ന നിലവാരക്കാരായ കുട്ടികളെ ലളിതമായ വരയിലൂടെയും എഴുത്തിലൂടെയും സ്വതന്ത്ര രചയിതാക്കളാക്കുന്നതിന് സംയുക്ത ഡയറിയിലൂടെ സാധിക്കും

**ലക്ഷ്യ പ്രസ്താവനകൾ**

- സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.
- സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് സാധിക്കുന്നു.
- ഭാഷാശേഷി വികസിപ്പിക്കുന്നതിന് സാധിക്കുന്നു.
- അനുഭവാധിഷ്ഠിതമായ ഭാഷാ പഠനം സാധ്യമാകുന്നു.

**പ്രവർത്തനഘട്ടങ്ങൾ**

- സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ മികച്ച ഡയറികൾ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു (ജൂൺ ആദ്യവാരം)
- ക്ലാസ് പി.ടി.എയിൽ ഡയറി എഴുത്തിന്റെ ഘടനയെ പരിചയപ്പെടുത്തുന്നു രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുന്നു (ജൂൺ ആദ്യവാരം)
- എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.
- ജൂൺ മുതൽ ആരംഭിക്കുന്നു.
- ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു.
- കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കുവെക്കുന്നു.
- കുട്ടികളിൽ സമ്മർദ്ദമേകാതെ ഡയറി പൂർത്തിയാക്കാൻ സഹായിക്കുന്നു.
- സചിത്ര ഡയറി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു.
- എന്റെ ഡയറിക്കുറിപ്പ് എന്നതിലേക്കും മാറ്റാം (വ്യക്തിഗതമായി)

**വിലയിരുത്തൽ**

- ലക്ഷ്യപൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തനപദ്ധതികൾ സംയുക്ത ഡയറിയുടെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.
- എല്ലാ രക്ഷിക്കളുടെയും പിന്തുണയും സഹായവും ഉറപ്പുവരുത്തിയിട്ടുണ്ട്
- സർഗാത്മക ശേഷി വികാസത്തിനുള്ള കഴിവുകൾ ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പൊതു സമൂഹവുമായും രക്ഷിതാക്കളുമായും പങ്കുവെച്ചിട്ടുണ്ട്.
- മുഴുവൻ കുട്ടികളുടെയും സർഗാത്മക ഡയറികൾ പുസ്തക രൂപത്തിൽ തയ്യാറാക്കിയിട്ടുണ്ട്.
- വ്യക്തിഗതമായി പുസ്തകം തയ്യാറാക്കുന്നതിനുള്ള സാധ്യത ഒരുക്കിയിട്ടുണ്ട്.
- തുടക്കം മുതലേ പ്രവർത്തനങ്ങളുടെ വീഡിയോ ഡോക്യുമെന്റ് ചെയ്തിട്ടുണ്ട്.

**ചുമതല**

*ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, പ്രധാനധ്യാപകൻ*
*സാമ്പത്തികം*
*എസ്.എസ്.കെ*

## പാട്ടരങ്ങ്

ഭാഷാപഠനത്തിൽ താളത്തിന് വളരെയധികം പ്രാധാന്യമുണ്ട്. കുട്ടിയിൽ താളബോധം രൂപപ്പെടുന്നതിലൂടെ വായന, ലേഖനം എന്നിവ എളുപ്പമാകുന്നു.

കവിതകൾ ഈണം കണ്ടെത്തി അവതരിപ്പിക്കാൻ താളബോധം സ്വായത്തമാക്കിയ കുട്ടിക്ക് എളുപ്പത്തിൽ കഴിയുന്നു. ഒപ്പം കവിതാസ്വാദനവും സാധ്യമാകുന്നു. പാഠഭാഗത്തിലെ കവിതകൾക്കൊപ്പം സമാനകവിതകൾ കണ്ടെത്തി ഈണത്തിലും ഭാവത്തിലും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്.ഇതിനായി രണ്ടാം ക്ലാസിൽ നടപ്പിലാക്കുന്ന പരിപാടിയാണ് പാട്ടരങ്ങ്. ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകമാക്കാൻ പാട്ടരങ്ങിലൂടെ കഴിയും.

**ലക്ഷ്യ പ്രസ്താവനകൾ**

- താളം മനസിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാനകവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും ആവിഷ്ക്കരിക്കുകയും ചെയ്യുന്നു
- ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.
- ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാ-പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.
- ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.

**പ്രവർത്തന ഘട്ടങ്ങൾ**

- പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ, പ്രവർത്തനക്രമം എന്നിവ സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു. (ജൂൺ ആദ്യവാരം)
- ക്ലാസ് പി.ടി.എയിൽ പദ്ധതി അവതരിപ്പിക്കുന്നു. രക്ഷിതാക്കളുടെയും പ്രാദേശിക റിസോഴ്സ് പേഴ്സൺമാരുടെയും പിന്തുണ ഉറപ്പുവരുത്തുന്നു (ജൂൺ ആദ്യവാരം)
- പാട്ടരങ്ങ് ഏകദിന ശില്പശാല പ്രാദേശികമായി തയ്യാറാക്കുന്ന സംഗീതോപകരണങ്ങളുടെ നിർമ്മാണം, കുട്ടികളെ കൂടി പങ്കാളികളാക്കി പാട്ടരങ്ങ് അവതരിപ്പിക്കൽ, പാട്ടരങ്ങിൽ പാഠഭാഗങ്ങളിലെ പ്രവർത്തനങ്ങൾ ഉൾച്ചേർത്ത് അവതരിപ്പിക്കൽ (ജൂൺ രണ്ടാം വാരം)

- തുടർപാഠങ്ങളുടെ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കൽ (പാട്ടവതരണവും ആവിഷ്ക്കാരവും) വീഡിയോ ഡോക്യുമെന്റ് തയ്യാറാക്കൽ, പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയ പുതിയ കവിതകൾ വായനാക്കാർഡുകളാക്കൽ (ജൂൺ 15 മുതൽ ഫെബ്രവരി വരെ)
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കൽ (മാർച്ച് രണ്ടാം വാരം)

**വിലയിരുത്തൽ**

- ലക്ഷ്യപൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തനപദ്ധതികൾ പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.
- ക്ലാസ് പി.ടി.എ. യുടെയും പ്രാദേശിക റിസോഴ്സ്പേഴ്സൺമാരുടെയും പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്.
- പ്രദേശികമായി ലഭ്യമായ മെറ്റീരിയലുകൾ ഉപയോഗിച്ച് സംഗീതോ പകരണങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.
- പാഠഭാഗങ്ങളിൽ സാധ്യതയുള്ള ഭാഗങ്ങൾ കണ്ടെത്തി പാട്ടരങ്ങ് പ്രവർത്തന പരിപാടി തയ്യാറാക്കുകയും ക്ലാസ് മുറിയിൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.
- കുട്ടികളുടെ അവതരണങ്ങൾ വീഡിയോ ഡോക്യുമെന്റ് ചെയ്ത് രക്ഷിതാക്കളുമായും പൊതു സമൂഹവുമായും പങ്കു വെച്ചിട്ടുണ്ട്.
- പാട്ടരങ്ങിന്റെ ഭാഗമായി  തയ്യാറാക്കിയ കവിതകളെ വായനാക്കാർഡു കളാക്കി മാറ്റിയിട്ടുണ്ട്.
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരി പ്പിച്ചിട്ടുണ്ട്.

**ചുമതല**

*ക്ലാസ് ടീച്ചർ,പി.ടി.എ, പ്രധാനാധ്യാപകൻ*

**സാമ്പത്തികം**

*എസ്. എസ്. കെ, പി.ടി.എ*

# സചിത്ര പുസ്തകം

2023–24 വർഷത്തിൽ രണ്ടാം ക്ലാസിലെ 8 യൂണിറ്റുകളും സചിത്ര പാഠരൂപത്തിലാക്കിയാണ് കുട്ടികൾക്ക് മുന്നിൽ അവതരിപ്പിച്ചത്. ഉദ്ഗ്രഥിത പ്രവർത്തനങ്ങളിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കാൻ ഇത് സഹായകമായിട്ടുണ്ട്. പ്രവർത്തന നടത്തിപ്പിൽ അധ്യാപികയും വിദ്യാലയവും നേരിട്ട പ്രയാസങ്ങളെ മറികടന്ന് പുതുമാതൃകകൾ വികസിപ്പിക്കാൻ നമുക്ക് കഴിയണം. പുതിയ അക്കാദമിക വർഷത്തിൽ എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ച് സചിത്ര പാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്.

**ലക്ഷ്യ പ്രസ്താവനകൾ**

- രണ്ടാം ക്ലാസിലെ മുഴുവൻ പാഠഭാഗങ്ങളും സചിത്രപുസ്തകരൂപത്തിൽ അവതരിപ്പിക്കുന്നതിനുള്ള പ്രായോഗിക ധാരണ നേടുന്നു.
- എല്ലാ കുട്ടികൾക്കും സചിത്രപുസ്തകം വർക്ക് ബുക്കുകൾ ലഭ്യമാക്കുന്നു.
- കുട്ടികൾ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറുന്നു.
- പ്രവർത്തനങ്ങളിൽ പരിസരപഠനം, ഭാഷ, കലാകായിക പ്രവൃത്തി പരിചയം ഉദ്ഗ്രഥന സാധ്യത ഉറപ്പുവരുത്തുന്നു.

**പ്രവർത്തന ഘട്ടങ്ങൾ**

- കഴിഞ്ഞ വർഷം അവതരിപ്പിച്ച സചിത്രപാഠഭാഗങ്ങൾ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുന്നു. (2024 മെയ്)
- വർക്ക് ബുക്ക് രൂപത്തിലാക്കിയ സചിത്ര ബുക്കുകൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നു. ആദ്യ മൂന്ന് യൂണിറ്റുകൾ (2024 ജൂൺ 10)
- ഏകദിന രക്ഷാകർതൃ ശില്പശാല - സചിത്രപാഠങ്ങൾ പരിചയപ്പെടുത്തലും ആവശ്യമായ പിന്തുണ ഉറപ്പാക്കലും (2024 ജൂൺ 15 )
- സചിത്ര പുസ്തകം അജണ്ടയാക്കിയുള്ള പ്രതിമാസ രക്ഷാകർതൃ യോഗങ്ങൾ, വിലയിരുത്തൽ (എല്ലാ മാസവും )
- രണ്ട് മൂന്ന് ഘട്ടങ്ങളിൽ വർക്ക് ബുക്ക് വിതരണം (2024 ആഗസ്ത്, 2024 ഡിസംബർ)
- സചിത്ര ബുക്കുകൾ ഭാഷോത്സവത്തിൽ അവതരിപ്പിക്കൽ (മാർച്ച് രണ്ടാം വാരം)

**വിലയിരുത്തൽ**

- സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നതിൽ ടീച്ചർക്ക് ധാരണയുണ്ടെന്ന് ഉറപ്പുവരുത്തുന്നു.
- എല്ലാ കുട്ടികൾക്കും സചിത്രപാഠം വർക്ക് ബുക്ക് ഉറപ്പുവരുത്തുന്നു.
- എല്ലാ കുട്ടികളും സചിത്രപാഠം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- എല്ലാ രക്ഷിതാക്കളുടെയും പിന്തുണ ഉറപ്പുവരുത്തുന്നു.
- പ്രതിമാസ സി. പി. ടി. എ യോഗങ്ങളിൽ സചിത്ര പുസ്തകങ്ങൾ മുഖ്യ അജണ്ടയാവുന്നു. കുട്ടികളുടെ സചിത്ര പുസ്തകങ്ങൾ വിലയിരുത്തുന്നു
- ഭാഷോത്സവത്തിന്റെ ഭാഗമായി സചിത്രപാഠം അവതരിപ്പിക്കുന്നു

**ചുമതല**

*ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, എസ്. എസ്. കെ*

**സാമ്പത്തികം**

*ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, എസ്. എസ്. കെ*

# റീഡേഴ്സ് തിയേറ്റർ

ലഘു വിവരണങ്ങൾ, കഥകൾ, കുട്ടിക്കവിതകൾ, സംഭാഷണം തുടങ്ങിയവ ഭാവാത്മകമായി ആശയം ഉൾക്കൊണ്ട് വായിക്കാൻ കഴിയുന്നവരാകണം രണ്ടാം ക്ലാസിലെത്തുന്ന ഓരോ കുട്ടിയും. അവർക്ക് മുന്നിൽ വൈവിധ്യമുള്ള പഠനതന്ത്രങ്ങൾ അവതരിപ്പിച്ച് ഭാഷാമികവുണ്ടാക്കാൻ അധ്യാപികക്കും വിദ്യാലയത്തിനും കഴിയണം. തുടക്ക വായനക്കാർ എന്ന നിലയിൽ ഭാവാത്മക വായനക്കും ശ്രാവ്യവായനയ്ക്കും ഏറെ സാധ്യതയുള്ള ഒരു സങ്കേതമാണ് റീഡേഴ്സ് തിയേറ്റർ.

**ലക്ഷ്യപ്രസ്താവനകൾ**

- രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.
- പാഠപുസ്തകങ്ങളിലെയും ലഘു ബാലസാഹിത്യകൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു
- ഭാഷയിലെ പഠനമുന്നേറ്റത്തിന് സംഗീതം, ശ്രാവ്യവായന, ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.

**പ്രവർത്തന ഘട്ടങ്ങൾ**

- റീഡേഴ്സ് തിയേറ്റർ എസ്. ആർ. ജിയിൽ ആശയം പങ്കിടൽ (2024 ജൂൺ)
- ക്ലാസ്. പി. ടി. എ. യിൽ റീഡേഴ്സ് തിയേറ്റർ ആശയം പങ്കിടലും പിന്തുണ ഉറപ്പു വരുത്തലും (2024 ജൂൺ മൂന്നാം വാരം)
- ഏകദിന റീഡേഴ്സ് തിയേറ്റർ ശില്പശാല (2024 ജൂലൈ രണ്ടാം വാരം)
- എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാഗങ്ങൾ, തെരഞ്ഞെടുത്ത ലഘു ബാലസാഹിത്യ കൃതികൾ എന്നിവ റീഡേഴ്സ് തിയേറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുക (2024 ജൂലൈ 2025 മാർച്ച്)
- മികച്ച അവതരണങ്ങൾ ക്ലാസ്, സ്കൂൾതല സഭകളിൽ അവതരിപ്പിക്കാൻ അവസരം (2024 ജൂലൈ 2025 മാർച്ച്)
- ഭാഷോത്സവത്തിൽ റീഡേഴ്സ് തിയേറ്റർ മികച്ച പ്രവർത്തനങ്ങൾ അവതരണം (2024 മാർച്ച് രണ്ടാം വാരം)

**വിലയിരുത്തൽ**

- റിഡേഴ്സ് തിയേറ്റർ പ്രവർത്തനത്തെക്കുറിച്ച് എസ്. ആർ. ജി , ക്ലാസ് പി.ടി.എ അംഗങ്ങൾക്ക് ധാരണ നൽകിയിട്ടുണ്ട്.

- കുട്ടികളെ റീഡേഴ്സ് തിയേറ്റർ പ്രവർത്തനത്തിൽ പങ്കാളികളാക്കുന്നതിൽ അധ്യാപികക്ക് പ്രായോഗിക ധാരണയുണ്ട്.
- റീഡേഴ്സ് തിയേറ്റർ നടപ്പിലാക്കുന്നതിന് അനുയോജ്യമായ പാഠഭാഗങ്ങൾ, ലഘുബാല സാഹിത്യകൃതികൾ എന്നിവ കണ്ടെത്തിയിട്ടുണ്ട്.
- കുട്ടികൾക്ക് റീഡേഴ്സ് തിയേറ്റർ അവതരിപ്പിക്കുന്നതിനുള്ള സന്ദർഭം, വേദികൾ എന്നിവ ഒരുക്കുന്നു.
- മികച്ച അവതരണങ്ങളെ പ്രോത്സാഹിപ്പിക്കുന്നു.
- എല്ലാ കുട്ടികളെയും റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമാക്കുന്നു.
- പ്രവർത്തനത്തിന് പ്രാദേശിക കലാകാരന്മാരുടെ സേവനം ഉറപ്പുവരുത്തുന്നു.

**ചുമതല**

*ക്ലാസ് ടീച്ചർ, സി. പി.ടി.എ.*

**സാമ്പത്തികം**

*എസ്.എസ്.കെ, പി.ടി.എ*

# നാട്ടുവിശേഷം കൂട്ടെഴുത്ത്

ഭാഷാപാഠനം പരിസര പഠനവുമായി ബന്ധപ്പെടുത്തി സാധ്യമാക്കുന്നതിനായുള്ള ഒരു പ്രവർത്തന പദ്ധതിയാണ് നാട്ടുവിശേഷം കൂട്ടെഴുത്ത് . പ്രകൃതി നിരീക്ഷണത്തിലൂടെ ലഭിക്കുന്ന ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കുട്ടികൾക്ക് കഴിയുന്നു. ശാസ്ത്രപ്രക്രിയാശേഷികളുടെ വികാസം ഉറപ്പുവരുത്തുന്നതിന് ഈ പ്രവർത്തനം സഹായകമാണ്. പ്രകൃതിയെ തൊട്ടറിഞ്ഞ് സഹവർത്തിത പഠനത്തിലൂടെ അറിവു നിർമാണം സാധ്യമാക്കാൻ ഈ പ്രവർത്തനത്തിനു കഴിയും

**ലക്ഷ്യ പ്രസ്താവനകൾ:**

- പരിസര പഠനത്തിലൂടെ ഭാഷാപഠന സാധ്യതകൾ ഒരുക്കുന്നു
- പ്രകൃതി നിരീക്ഷണത്തിലൂടെ ഗ്രഹിച്ച ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിയുന്നു.
- നിരീക്ഷണം മുതൽ പരീക്ഷണം വരെയുള്ള പ്രക്രിയാ ശേഷികൾ ഉറപ്പുവരുത്തി ക്ലാസ് പ്രവർത്തനങ്ങൾ ആസൂത്രണംചെയ്യാൻ കഴിയുന്നു.
- മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നു.
- പുറം വാതിൽ പഠനത്തിനുള്ള സാധ്യത ഒരുക്കാൻ കഴിയുന്നു.
- പരിസര പഠനത്തിലൂടെ ഭാഷാപഠനം രസകരവും ലളിതവുമാക്കുന്നതിന് കഴിയുന്നു.
- പാഠപുസ്തകത്തിലെ ആശയങ്ങൾക്കനുയോജ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ കഴിയുന്നു.

**പ്രവർത്തന ഘട്ടങ്ങൾ :**

- നാട്ടുവിശേഷം കൂട്ടെഴുത്ത് പ്രവർത്തനം എസ് ആർ ജിയിൽ അവതരിപ്പിക്കുന്നു.
- പ്രകൃതി നടത്തം, ഫീൽഡ് ട്രിപ്പുകൾ എന്നിവ എസ് ആർ ജി യിൽ ആസൂത്രണം ചെയ്യുന്നു.
- പിറ്റിഎ യിൽ അവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു.
- പാഠഭാഗത്തിനനുയോജ്യമായി പ്രകൃതിപഠന സാധ്യതകൾ കണ്ടെത്തി ആസൂത്രണം.
- പ്രവർത്തനങ്ങൾ നടപ്പിലാക്കൽ **(ജൂലൈ രണ്ടാം ആഴ്ചയിൽ ആദ്യ പ്രവർത്തനം ആരംഭം)**

- കണ്ടെത്തലുകളുടെ അവതരണം.
- കൂട്ടെഴുത്ത് നടക്കുന്നു.
- എഡിറ്റിംഗ്, മെച്ചപ്പെടുത്തൽ, അവതരണം.
- പതിപ്പ് തയ്യാറാക്കൽ.
- പാഠഭാഗത്തിന് അനുസരിച്ച്   കാലയളവ് കൃത്യതപ്പെടുത്തുന്നു.
- പ്രവർത്തനം അവലോകനം, വിലയിരുത്തൽ (ജൂലൈ അവസാനം)
- പതിപ്പുകളുടെ പ്രദർശനം രചനോത്സവത്തിൽ.
- മികച്ചവ ഭാഷോത്സവത്തിൽ അവതരണം (ജനുവരി)

**വിലയിരുത്തൽ**

- ക്ലാസ്മുറിയിൽ പരിസര പഠന പാഠഭാഗത്തോടൊപ്പം ഭാഷാപഠനവും ഉൾച്ചേർത്ത് നൽകുന്നതിൽ അധ്യാപകർക്ക് ധാരണ ഉറപ്പാക്കുന്നു.
- പ്രക്രിയ ശേഷികൾക്ക് ഊന്നൽ നൽകിയുള്ള പരിസര പഠന സാധ്യത ബോധ്യപ്പെടുന്നു.
- മുഴുവൻ കുട്ടികളിലും പ്രക്രിയ ബന്ധിതമായ പഠനം ഉറപ്പാക്കാൻ കഴിയുന്നു.
- കൃത്യമായ ആസൂത്രണത്തിലൂടെ വാതിൽപുറ പഠന സാധ്യത ഉറപ്പാക്കുന്നു
- കുട്ടികളിൽ സഹവർത്തിത പഠനം ഉറപ്പാക്കുന്നു.
-

ചുമതല : *ക്ലാസ് ടീച്ചർ , PTA , HM*

സാമ്പത്തികം : *SSK*

# ക്ലാസ് പത്രം

രണ്ടാം ക്ലാസിലെ ഭാഷാപഠനവുമായി ബന്ധപ്പെട്ട ഒരു പഠന തന്ത്രമാണ് ക്ലാസ്പത്രം. ഓരോ കുട്ടിയെയും തങ്ങൾ കണ്ടതോ കേട്ടതോ ആയ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറയാനും എഴുതാനും പ്രാപ്തരാക്കുന്നതിന് ക്ലാസ്പത്രം സഹായിക്കുന്നു. ക്ലാസ്സിലെ കൂട്ടെഴുത്തിന്റെ ഒരു പ്രതിഫലനമാണ് ക്ലാസ്സ് പത്രം . ഒരു പത്രത്തിന്റെ ഘടന മനസ്സിലാക്കി കൃത്യതയോടെ ചെറുവാക്യങ്ങളിലൂടെ വാർത്തകൾ രൂപപ്പെടുത്താനുള്ള ഒരു ഇതിലൂടെ നേടാൻ സാധിക്കും.

**ലക്ഷ്യപ്രസ്താവനകൾ:**

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു.
- രചനാ ശേഷി പരിപോഷിപ്പിക്കുന്നു.
- വ്യത്യസ്ത പഠനതന്ത്രങ്ങളിലൂടെ ഭാഷാ പഠനം സാധ്യമാക്കുന്നു
- സ്കൂളിലെ ദൈനംദിന അനുഭവങ്ങൾ ശ്രദ്ധിച്ച് തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിവു നേടുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയ പൂർണതയോടെ എഴുതാൻ കഴിവു നേടുന്നു.
- കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറയാനും എഴുതാനും കഴിയുന്നു.
- പരസ്പരം പിന്തുണ ഉറപ്പുവരുത്താൻ കൂട്ടെഴുത്തിലൂടെ സാധിക്കുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്താ രൂപത്തിൽ തലക്കെട്ടോടെ എഴുതാൻ കഴിയുന്നു.

**പ്രവർത്തനഘട്ടങ്ങൾ :**

- ക്ലാസ്പത്രം ലക്ഷ്യങ്ങളും പ്രവർത്തന ക്രമങ്ങളും എസ് ആർ ജിയിൽ അവതരിപ്പിക്കുന്നു. (ജൂലൈ അവസാനം )
- ക്ലാസ് പിറ്റി എ യിൽ പദ്ധതി അവതരിപ്പിക്കുന്നു , പിന്തുണ ഉറപ്പാക്കുന്നു . ജൂലൈ അവസാനം)

- കുട്ടികൾ രക്ഷിതാവിന്റെ സഹായത്തോടെ അനുഭവങ്ങൾ വാർത്താരൂപത്തിൽ എഴുതുന്നു. ഉചിതമായ ഫോട്ടോകൾ /ചിത്രങ്ങൾ ഉൾപ്പെടുത്തുന്നു.
- അധ്യാപികയുടെനേതൃത്വത്തിൽ ആവശ്യമായ എഡിറ്റിംഗ് നടത്തുന്നു.
- ക്ലാസിൽ പത്രം തയ്യാറാക്കൽ (ആഗസ്റ്റ് ആദ്യവാരം)
- അസംബ്ലിയിൽ വായിച്ചവതരിപ്പിക്കുന്നു.
- ഓരോ മാസവും ഓരോന്ന് പ്രസിദ്ധീകരിക്കുന്നു
- രചനോത്സവത്തിൽ പ്രദർശനം, അവതരണം
- വിശേഷാവസരങ്ങളിൽ പ്രത്യേക പതിപ്പ് തയ്യാറാക്കുന്നു.
- ഭാഷോത്സവത്തിൽ പ്രദർശനവും അവതരണവും നടത്തുന്നു. (ജനുവരി )
- സമൂഹത്തിനു മുന്നിൽ പ്രദർശിപ്പിക്കുന്നു. (ഫെബ്രുവരി)

**വിലയിരുത്തൽ :**

- വ്യത്യസ്തവും ആകർഷകവുമായ രീതിയിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്.
- രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്.
- കൂട്ടെഴുത്തിനുള്ള സാധ്യത ഉറപ്പാക്കിയിട്ടുണ്ട്.
- വിഭിന്ന നിലവാരക്കാരെ പരിഗണിക്കാൻ കഴിഞ്ഞിട്ടുണ്ട്
- ആദ്യ ഘട്ടം മുതൽ വീഡിയോ ഡോക്യുമെന്റ് ചെയ്ത് രക്ഷിതാക്കളുമായി പങ്കുവച്ചിട്ടുണ്ട്.
- തയ്യാറാക്കിയ പത്രങ്ങൾ സമൂഹത്തിനു മുന്നിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.
- കൗതുകകരമായ വാർത്തകൾ തുടർ വായനയ്ക്കായി വായനകാർഡുകളാക്കി മാറ്റിയിട്ടുണ്ട്.

**ചുമതല** : ക്ലാസ് ടീച്ചർ, HM, PTA

**സാമ്പത്തികം:** SSK, PTA

## രചനോത്സവം

ലഘു വ്യവഹാരരൂപങ്ങൾ വിശേഷണപദങ്ങൾ ചേർത്തെഴുതാൻ രണ്ടാം ക്ലാസിലെ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്. കഥ, കവിത, ഡയറി, ക്ഷണക്കത്ത്, സംഭാഷണം, വിവരണം തുടങ്ങിയ വ്യവഹാരരൂപങ്ങളാണ് രണ്ടാം ക്ലാസിൽ പരിചയപ്പെടുന്നത്. ലേഖന പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് പഠനലക്ഷ്യത്തിലെത്തുക എന്നതാണ് രചനോത്സവം കൊണ്ട് ലക്ഷ്യമിടുന്നത്.

**ലക്ഷ്യ പ്രസ്താവന**

- എല്ലാ കുട്ടികളും രചനാ പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു
- രചനാ പ്രവർത്തനങ്ങളിൽ വൈവിധ്യങ്ങളായ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തുന്നു.
- കൃത്യമായ ഇടവേളകളിൽ ക്ലാസ് തല രചനാപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു

**പ്രവർത്തന ഘട്ടങ്ങൾ**

- രചനോത്സവം പ്രവർത്തന മാർഗരേഖ അംഗീകരിച്ച് എസ്. ആർ. ജി.യിൽ അംഗീകാരം വാങ്ങുന്നു. (ജൂൺ 2ാം വാരം)
- സി.പി.ടി.എ.യിൽ രചനോത്സവം പ്രവർത്തന പദ്ധതി അവതരിപ്പിച്ച് ആവശ്യമായ പിന്തുണ ഉറപ്പുവരുത്തുക (ജൂൺ 3ാം വാരം)
- പ്രതിമാസ രചനോത്സവം (ജൂലൈ ഫെബ്രവരി )
- രചനോത്സവത്തിന്റെ ഭാഗമായുള്ള രചനകൾ പ്രസിദ്ധീകരിക്കൽ (2024 സെപ്തംബർ,ഡിസംബർ,മാർച്ച് 2025)
- കുട്ടികളുടെ വ്യക്തിഗത രചനകൾ പ്രസിദ്ധീകരിക്കൽ (മാർച്ച് 2025)

**വിലയിരുത്തൽ**

- രചനോത്സവത്തിൽ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നു.

- പ്രാദേശികവും ലഭ്യവുമായ റിസോഴ്സ് പേഴ്സൺസിന്റെ സേവനം ലഭ്യമാക്കുന്നു.
- എല്ലാ വ്യവഹാരരൂപങ്ങൾക്കും പ്രാധാന്യം നൽകിയിട്ടുണ്ട് എന്നുറപ്പ് വരുത്തുന്നു.
- കൃതമായ ഇടവേളകളിൽ ക്ലാസ്തല രചനോത്സവം സംഘടിപ്പിക്കുന്നു
- രക്ഷാകർത്യ പ്രാദേശിക പിന്തുണ ഉറപ്പുവരുത്തുന്നു.

**ചുമതല**

ക്ലാസ് ടീച്ചർ,പി.ടി.എ

**സാമ്പത്തികം**

പി.ടി.എ.,എസ്. എസ്. കെ

# ഭാഷോത്സവം

രണ്ടാം ക്ലാസ്സിലെ മുഴുവൻ കുട്ടികളെയും സ്വതന്ത്ര വായനക്കാരും എഴുത്തുകാരുമാക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. കുട്ടികളുടെ മികവുകൾ സമൂഹത്തിനു മുന്നിൽ പ്രകടമാക്കാൻ ഭാഷോത്സവത്തിലൂടെ കഴിയും. ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും ഭാഷോത്സവം കുട്ടികളെ പ്രാപ്തരാക്കുന്നു.

**ലക്ഷ്യ പ്രസ്താവനകൾ:**

- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
- കുട്ടികളുടെ സ്വതന്ത്ര രചനയ്ക്ക് സാധ്യത ഒരുക്കുന്നു
- കുട്ടികളുടെ സർഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു
- ഭാഷാ പഠനം അനുഭവാധിഷ്ഠിതമാക്കുന്നതിന് കഴിയുന്നു
- ആശയങ്ങളെ / അനുഭവങ്ങളെ വിവിധ വ്യവഹാരരൂപങ്ങളിലൂടെ പ്രകടിപ്പിക്കുന്നതിന് കഴിയുന്നു.
- ആശയ പൂർണതയോടെ തത്സമയ രചനകൾ നടത്താൻ പ്രാപ്തരാക്കുന്നു.

**പ്രവർത്തന ഘട്ടങ്ങൾ:**

- ഭാഷോത്സവം SRG യിൽ ആസൂത്രണം ചെയ്യുന്നു
- പി.റ്റി.എ യിൽ അവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു.
- പ്രാദേശിക കലാ സാഹിത്യകാരന്മാരുടെ സഹകരണം ഉറപ്പാക്കുന്നു.
- ഭാഷോത്സവത്തിന്റെ ഭാഗമായി അവതരിപ്പിക്കേണ്ട മികവുകൾ ലിസ്റ്റ് ചെയ്യുന്നു.
- പ്രദർശനത്തിനുള്ള മുന്നൊരുക്കങ്ങൾ ചെയ്യുന്നു
- ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു
- സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നു.

- ജനുവരിയിൽ ഭാഷോത്സവം സംഘടിപ്പിക്കുന്നു.
- SRG യിൽ അവലോകനം ചെയ്യുന്നു

**വിലയിരുത്തൽ :**

- ലക്ഷ്യ പ്രാപ്തിയ്ക്കായുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്
- മികവുകൾ സമൂഹത്തിനു മുമ്പിൽ പ്രകടിപ്പിക്കാൻ തരത്തിൽ കുട്ടികളെ പ്രാപ്തരാക്കിയിട്ടുണ്ട്
- കുട്ടികളുടെ രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കിയിട്ടുണ്ട്.
- കുട്ടികളുടെ മികച്ച സ്വതന്ത്രരചനകളെ വായനക്കാർഡുകളാക്കി മാറ്റിയിട്ടുണ്ട്
- ഭാഷോത്സവം ജനകീയമാക്കുന്നതിനുള്ള ആസൂത്രണം നടത്തിയിട്ടുണ്ട്
- കഥോത്സവം, രചനോത്സവം മറ്റു ഭാഷാപ്രവർത്തനങ്ങൾ എന്നിവ വീഡിയോ ഡോക്യുമെന്റ് ചെയ്ത് പൊതു സമൂഹത്തിൽ പങ്കുവച്ചിട്ടുണ്ട്.

ചുമതല: SRG, PTA, HM

സാമ്പത്തികം : SSK, PTA

## അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് III പരിസര പഠനം .

**ആമുഖം**

നമ്മുടെ പരിസരം അവിടുത്തെ സസ്യ ജന്തുജാലങ്ങൾ വിഭവങ്ങൾ എന്നിവ നശിച്ചു പോകാതെയും മലിനപ്പെടാതെയും സൂക്ഷിക്കുവാൻ നിരന്തരം ശ്രദ്ധിക്കുന്ന ഒരു പരിസര സൗഹൃദ മനോഭാവം കുട്ടികളിൽ രൂപപ്പെടുത്താൻ ലക്ഷ്യമിടുന്നു.

നിരീക്ഷിക്കൽ, വർഗീകരിക്കൽ, അപഗ്രഥിച്ച് നിഗമനത്തിലെത്തൽ, ലഘുപരീക്ഷണങ്ങളിലേർപ്പെടൽ തുടങ്ങി നിരവധി പ്രക്രിയാ ശേഷികളുടെ വികസനം സാധ്യമാകുന്ന വിധത്തിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നൽകുന്നു.

ഓരോ യൂണിറ്റിലും അവതരിപ്പിക്കുന്ന ആശയങ്ങളുടെയും പഠന പ്രവർത്തനങ്ങളുടെയും ഭാഗമായി കലാകായിക പ്രവൃത്തി പരിചയ പ്രവർത്തനങ്ങൾക്ക് അവസരം ഒരുക്കുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- | --- |
| • പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക | **<u>പ്രകൃതി നടത്തം</u>**<br>• ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കൽ<br>• പ്രത്യേകതകൾ മനസ്സിലാക്കൽ<br>• വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയൽ<br>• ജീവികളുടെ പരസ്പര ആശ്രയത്വം - ചർച്ച | **ജൂൺ ജൂലൈ, ഓഗസ്റ്റ്** |
| | **<u>വൃക്ഷത്തൈ നടൽ</u>**<br>• പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടൽ<br>• നട്ടതൈ പരിപാലിക്കൽ<br>• പ്രകൃതി സംരക്ഷണം പോസ്റ്റർ തയ്യാറാക്കൽ പൂന്തോട്ടം ഒരുക്കൽ<br>• സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ<br>• വീട്ടിൽ പൂന്തോട്ടം ഒരിക്കൽ | **ജൂൺ ,മാർച്ച്** |
| • ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക | • പരീക്ഷണങ്ങൾ<br>• പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു പരീക്ഷണക്കുറിപ്പ് തയ്യാറാക്കുന്നു<br>• സയൻസ് കോർണർ ഒരുക്കുന്നു<br>• കുട്ടികളുടെ ശേഖരണങ്ങൾ പ്രദർശിപ്പിക്കുന്നു | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- | --- |
| വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉറപ്പിക്കൽ | ❖ ശുചിത്വവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>❖ ശുചിത്വ ചാർട്ട് തയ്യാറാക്കൽ<br>❖ ക്ലാസ് ചർച്ചകളിലൂടെ ശുചിത്വബോധം ഉണ്ടാക്കുന്നു<br>❖ പരിസ്ഥിതി ക്ലബ്ബ് രൂപീകരിക്കൽ<br>❖ കുട്ടികളിൽ ശാസ്ത്ര സാമൂഹ്യ ശാസ്ത്ര അഭിരുചി വളർത്താനായി പരിസ്ഥിതി ക്ലബ്ബ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു<br>❖ കലാകായിക പ്രവൃത്തി പരിചയ പ്രവർത്തനങ്ങൾക്ക് അവസരം ഒരുക്കുന്നു<br>❖ നാടൻ പാട്ടുകൾ കളികൾ<br>❖ സംഘപ്രവർത്തനം കളികൾ എന്നിവയുടെ സംഘബോധം സാമൂഹികബോധം പങ്കിടൽ എന്നിവ വികസിപ്പിക്കൽ | ജൂൺ മാർച്ച് |

അക്കാദമിക മാസ്റ്റർ പ്ലാൻ

ക്ലാസ് : 3 - ഗണിതം

## ആമുഖം

ജീവിതത്തിന്റെ എല്ലാ മേഖലകളെയും ഗണിതശാസ്ത്ര പഠനം വളരെയേറെ സ്വാധീനിക്കുന്നുണ്ട്. നിത്യജീവിതത്തിൽ ഗണിതത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്താതെ ഒരു ദിവസം പോലും കടന്നു പോകുന്നില്ല. പ്രൈമറി ക്ലാസ്സിൽ നിന്നുതന്നെ കുട്ടികൾ വിവിധ ഗണിതശേഷികൾ നേടേണ്ടതിനാൽ എല്ലാ വിഭാഗം കുട്ടികളെയും പരിഗണിച്ചുകൊണ്ട് വ്യത്യസ്ത പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. കുട്ടികൾക്ക് മുൻ ക്ലാസുകളിൽ ഗണിത പഠനത്തിൽ ഉണ്ടായിട്ടുള്ള പ്രയാസങ്ങൾ പരിഹരിക്കാനും എല്ലാ കുട്ടികൾക്കും ഗണിതശേഷികൾ മെച്ചപ്പെട്ട നിലയിൽ കൈവരിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുകയാണ് ലക്ഷ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ, തരംതിരിക്കൽ, നിർമ്മാണം. രൂപങ്ങൾക്ക് നിറം നൽകി ഭംഗിയാർന്ന പാറ്റേണുകൾ നിർമ്മിക്കുന്നു. | ❖ ജ്യാമിതീയ രൂപങ്ങൾ കൊണ്ടുള്ള തോരണങ്ങളുടെ നിർമ്മാണം .രൂപങ്ങൾ തിരിച്ചറിയൽ , പ്രത്യേകതകൾ മനസ്സിലാക്കൽ ആശംസ കാർഡ് നിർമ്മാണം<br>❖ ചിത്ര പാറ്റേണുകൾ പരിചയപ്പെടൽ<br>❖ ഗണിതരൂപ ചിത്ര പതിപ്പ് നിർമ്മാണം<br>❖ വെജിറ്റബിൾ പ്രിൻറ് തയ്യാറാക്കൽ | ജൂൺ |
| മുഴുവൻ കുട്ടികൾക്കും ഒന്നു മുതൽ 2000 വരെയുള്ള സംഖ്യകൾ വായിക്കാനും എഴുതാനുമുള്ള കഴിവ് ഉണ്ടാക്കുക | ❖ കളം നിറയ്ക്കാം - ഒന്നു മുതൽ 100 വരെയുള്ള കളം ബോർഡ് ഉപയോഗിച്ച് സംഖ്യകളെ യഥാസ്ഥാനത്ത് ക്രമീകരിക്കൽ | ജൂലൈ |
| | ❖ സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു. കിട്ടിയ സംഖ്യ വായിക്കുന്നു ,എഴുതുന്നു .<br>❖ സംഖ്യാ പാറ്റേണുകൾ പൂർത്തിയാക്കൽ<br>❖ സംഖ്യകൾ ആരോഹണ ,അവരോഹണ ക്രമത്തിൽ എഴുതൽ. | ജൂൺ -സെപ്റ്റംബർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ഗണിത പഠനം ഉല്ലാസപ്രദവും കൗതുകകരവുമാക്കി മുഴുവൻ കുട്ടികൾക്കും ഗണിതശേഷികൾ ഉറപ്പാക്കുക. | ❖ ഗണിതക്കളികൾ- സംഖ്യാബോധം കളികളിലൂടെ സംഖ്യാബോധം ഉണ്ടാക്കുന്നു<br>❖ ഒരു നിശ്ചിത സംഖ്യ മുതൽ ക്രമത്തിൽ എണ്ണൽ, എഴുതൽ. സംഖ്യകൾ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കൽ.<br>❖ സംഖ്യാ കാർഡുകൾ ഉപയോഗിച്ച് സംഖ്യകൾ രൂപീകരിക്കൽ<br>❖ ഒരുകൂട്ടം സംഖ്യകളിൽ നിന്ന് വലിയ സംഖ്യയും ചെറിയ സംഖ്യയും കണ്ടെത്തൽ.<br>❖ പാറ്റേണുകൾ രൂപീകരിക്കൽ<br>❖ അബാക്കസ് നിർമ്മാണം സംഖ്യകൾ അബാക്കസിൽ ക്രമീകരിക്കൽ<br>❖ ഗണിത ലാബ് ഒരുക്കൽ (പരിചിതങ്ങളായ വസ്തുക്കൾ ഉപയോഗിച്ച്)<br>❖ വട്ടം ,ചതുരം, ത്രികോണം എന്നീ ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് ചിത്രം വരയ്ക്കൽ/ രൂപങ്ങൾ നിർമ്മിക്കൽ | ജൂൺ- മാർച്ച് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| മുഴുവൻ കുട്ടികളെയും മികച്ച പ്രശ്നപരിഹരണ ശേഷിയുള്ളവരാക്കി മാറ്റുക . | ❖ ഗണിത കിറ്റ് തയ്യാറാക്കൽ<br>❖ കച്ചവടക്കളിയിലൂടെ സങ്കലന വ്യവകലന ക്രിയകൾ ചെയ്യൽ ( കളി നോട്ടുകളും നാണയങ്ങളും ഉപയോഗിച്ച് )<br>❖ സംഖ്യാ ചക്രം<br>❖ സംഖ്യാ ചക്രം കറക്കി രണ്ട് സംഖ്യകൾ തിരഞ്ഞെടുക്കുന്നു. അവ തമ്മിലുള്ള സങ്കലനം വ്യവകലനം ഗുണനം ഹരണം<br>❖ ജോഡി കണ്ടെത്താം | ഒക്ടോബർ<br><br>ജൂലൈ മാർച്ച് |
| മുഴുവൻ കുട്ടികൾക്കും ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു | ❖ വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.<br>❖ കുട്ടികൾ സംഖ്യാ നറുക്കുകൾ തെരഞ്ഞെടുത്ത് കിട്ടിയ സംഖ്യ ചാർട്ടിലെ ഏത് ക്രിയയുടെ ഉത്തരമാണെന്ന് കണ്ടെത്തി ആ കളത്തിൽ ഒട്ടിക്കുന്നു | ആഗസ്റ്റ് ഫെബ്രുവരി |

# Academic Master Plan

**Aim – To speak, read and write English**

**Time – JUNE to MARCH**

**Pretest – To check the vocabulary and writing skill of students.**

## June – July

**Listening skills**

- **Games and action songs activities.**
- **Stories using ict.**

**Speaking skills**

- **Identify words using pictures**
- **Identify action words**
- **Make simple description using pictures**
- **Picture reading activities**
- **Growing sentences , picture reading, etc**

## August- September

**Develop the creative  speaking and writing.**

**Reading skills**

- **Newspaper reading, library books reading**
- **Find words**
- **Read pasr tense**
- **Rhyming words**
- **Textbook activities**
- **Describing words**

**Writing skills**

- **Make words web**
- **Picture description**
- **Make words and sentences**
- **Complete conversation**
- **Add more lines in poem or stories**

## October – November

**To express thoughts, feelings,etc.**

**Reading skill**

- **Newspaper reading, books reading**
- **Conversation, small skit, stories with the help of ict**

- **Develop their own stories**
- **Read notice**

**<u>Writing skills</u>**

- **Description**
- **Write notice**
- **Thought**
- **Diary**

## December – January

- **Develop the creative speaking and writing.**
- **To express thoughts and feelings.**

**<u>Reading skills</u>**

- **Newspaper reading, book review**
- **Conversation, skit, stories**
- **Develop story**
- **Read diary**
- **Read other friends diary, etc**

**<u>Writing skills</u>**

- **Diary**
- **Letter**
- **Announcement**

# <u>February – March</u>

**To improve the presentation power and conversation.**

**<u>Reading skills</u>**

- **Newspaper reading, books reading, book review**
- **Conversation, skit, stories with the help of ict**
- **Develop better stories**
- **Read diary**
- **Read letter**

**<u>Writing skills</u>**

- **Diary**
- **Letter**
- **Announcement**
- **Notice**
- **Picture description**
- **Thoughts**

- ➢ **In every month English assembly will be conducted**

# ക്ലാസ് IV മലയാളം

ഭാഷാ പഠനത്തിൽ മുൻ ക്ലാസുകളിൽ കുട്ടികൾക്കുണ്ടായിട്ടുള്ള പ്രയാസങ്ങൾ കണ്ടെത്തി അനുയോജ്യമായ പ്രവർത്തനങ്ങൾ നൽകിക്കൊണ്ട് മെച്ചപ്പെട്ട നിലയിൽ ഭാഷാശേഷികൾ നേടാൻ കഴിവുള്ളവരാക്കി മാറ്റാൻ ലക്ഷ്യമിടുന്നു.

പാഠപുസ്തകത്തിലെ പ്രവർത്തനങ്ങളോടൊപ്പം എല്ലാ വിഭാഗം കുട്ടികളെയും പരിഗണിച്ചുകൊണ്ട് മറ്റു പ്രവർത്തനങ്ങളും നൽകുന്നു കുട്ടികൾ മുൻ ക്ലാസുകളിൽ നിന്ന് നേടിയിട്ടുള്ള ശേഷികൾ കൂടുതൽ ഉയർന്ന തലത്തിൽ ആശയവിനിമയശേഷിയും സർഗാത്മകതയും പ്രയോഗശേഷിയും വികസിക്കുന്നതിന് അവസരം ഒരുക്കുന്നു ഭാഷയുമായി ബന്ധപ്പെട്ട പദങ്ങൾ കണ്ടെത്തൽ, വാക്യരചന, ചിത്രത്തെ അടിസ്ഥാനമാക്കി വിവരണം തയ്യാറാക്കൽ കഥാരചന, കവിതാരചന യാത്രാവിവരണം തയ്യാറാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നൽകുന്നു

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| മുഴുവൻ കുട്ടികൾക്കും വായിക്കാനും എഴുതാനും ഉള്ള കഴിവുണ്ടാക്കുക | ❖ സ്വരാക്ഷരങ്ങളും വ്യഞ്ജനാക്ഷരങ്ങളും പരിചയപ്പെടുത്തുന്നു<br>❖ അക്ഷര കാർഡ് ,പദക്കാർഡുകൾ എന്നിവ ഉപയോഗിച്ച് പദങ്ങൾ ,വാക്യങ്ങൾ എന്നിവ നിർമ്മിക്കുന്നു<br>❖ പദസൂര്യൻ തയ്യാറാക്കുന്നു<br>❖ പദസൂര്യങ്ങളിലെ വാക്കുകൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമ്മിക്കുന്നു | ജൂൺ |
| വായന പരിപോഷിപ്പിക്കൽ | ❖ വായനാ പരിപോഷിപ്പിക്കാനായി വായന കാർഡുകൾ തയ്യാറാക്കുന്നു<br>❖ ചിത്ര വായന നടത്തുന്നു<br>❖ ചിത്രകഥകൾ വായിക്കാൻ അവസരം ഒരുക്കുന്നു. ചിത്രം നിരീക്ഷിച്ചു വാക്യങ്ങൾ രചിക്കുന്നു<br>❖ വിദ്യാലയം പൂന്തോട്ടം എന്നിവയെക്കുറിച്ച് എഴുതുന്നു.<br>❖ കഥകളും കവിതകളും വായിക്കാൻ അവസരം ഒരുക്കുന്നു. | ജൂൺ- മാർച്ച് |

| | | |
|---|---|---|
| എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കി മാറ്റുന്നു എഴുത്തും വായനയും മെച്ചപ്പെടുത്തുന്നു | ❖ ചിത്രത്തെ അടിസ്ഥാനമാക്കി കഥകൾ രചിക്കൽ വായന മത്സരം വായന ക്വിസ് എന്നിവ നടത്തുന്നു വായിച്ച കഥയിലെ ആശയം ചിത്രീകരിക്കൽ വായനക്കുറിപ്പ് തയ്യാറാക്കൽ<br>❖ ക്ലാസ് ലൈബ്രറി കൂടുതൽ സൗകര്യം ഒരുക്കുന്നു<br>❖ കഥാപതിപ്പ് കവിത പതിപ്പ്<br>❖ യാത്രാവിവരണം ചിത്ര പതിപ്പ് എന്നിവ തയ്യാറാക്കുന്നു<br>❖ കുട്ടികളുടെ രചനകൾ സിപി ടി എ യിൽ പ്രദർശിപ്പിക്കുന്നു<br>❖ പത്രവായന ,പത്രവാർത്ത തയ്യാറാക്കൽ ,പോസ്റ്റർ നിർമ്മാണം ,നിഘണ്ടു തയ്യാറാക്കൽ, ഡയറിയെഴുത്ത്, കഥ നാടകമാക്കി അവതരിപ്പിക്കൽ<br>❖ യാത്രാവിവരണം ചിത്ര പതിപ്പ് എന്നിവ തയ്യാറാക്കുന്നു<br>❖ കുട്ടികളുടെ രചനകൾ സിപി ടി എ യിൽ പ്രദർശിപ്പിക്കുന്നു | **ജൂൺ -മാർച്ച്** |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് IV പരിസര പഠനം

**ആമുഖം**

നമ്മുടെ പരിസരം അവിടുത്തെ സസ്യ ജന്തുജാലങ്ങൾ വിഭവങ്ങൾ എന്നിവ നശിച്ചു പോകാതെയും മലിനപ്പെടാതെയും സൂക്ഷിക്കുവാൻ നിരന്തരം ശ്രദ്ധിക്കുന്ന ഒരു പരിസര സൗഹൃദ മനോഭാവം കുട്ടികളിൽ രൂപപ്പെടുത്താൻ ലക്ഷ്യമിടുന്നു.

നിരീക്ഷിക്കൽ, വർഗീകരിക്കൽ, അപഗ്രഥിച്ച് നിഗമനത്തിലെത്തൽ ലഘുപരീക്ഷണങ്ങളിലേർപ്പെടൽ തുടങ്ങി നിരവധി പ്രക്രിയാ ശേഷികളുടെ വികസനം സാധ്യമാകുന്ന വിധത്തിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നൽകുന്നു.

ഓരോ യൂണിറ്റിലും അവതരിപ്പിക്കുന്ന ആശയങ്ങളുടെയും പഠന പ്രവർത്തനങ്ങളുടെയും ഭാഗമായി കലാകായിക പ്രവൃത്തി പരിചയ പ്രവർത്തനങ്ങൾക്ക് അവസരം ഒരുക്കുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- | --- |
| സസ്യ ജന്തുജാല വൈവിധ്യങ്ങളും സവിശേഷതകളും അറിയുന്നു | ❖ പ്രകൃതി നടത്തം<br>❖ ഫീൽഡ് ട്രിപ്പ് - ആവാസ വ്യവസ്ഥ കണ്ടെത്തുന്നു ആവാസവ്യവസ്ഥയുടെ നിലനിൽപ്പിനെ സ്വാധീനിക്കുന്ന ഘടകങ്ങളെ കുറിച്ച് അറിയുന്നു.<br>❖ വനത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നു<br>❖ പോസ്റ്റർ നിർമ്മാണം<br>❖ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു<br>❖ പരിസ്ഥിതി ക്ലബ്ബ് രൂപീകരിക്കുന്നു<br>❖ വാസസ്ഥലങ്ങളുടെ നാശത്തിന് കാരണമാകുന്ന മനുഷ്യന്റെ വിവേചനരഹിതമായ ഇടപെടലുകൾ കണ്ടെത്തുന്നു .പട്ടികപ്പെടുത്തുന്നു.<br>❖ പരിസരം നിരീക്ഷിച്ച് ചുറ്റുപാടുമുള്ള സസ്യങ്ങളെ പട്ടികപ്പെടുത്തുന്നു<br>❖ ഇലകളുടെ സവിശേഷതകൾ മനസ്സിലാക്കുന്നു.<br>❖ ഇല ആൽബം നിർമ്മിക്കുന്നു | ജൂൺ - ജൂലൈ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| | ❖ ഇല ഉപയോഗിച്ച് ജീവികളുടെ മാതൃക നിർമ്മിക്കുന്നു<br>❖ ഇലകളുടെ സവിശേഷതകളുമായി ബന്ധപ്പെട്ട ലഘു പ്രോജക്ടുകൾ ചെയ്ത് റിപ്പോർട്ട് തയ്യാറാക്കുന്നു. | |
| ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിലെ പ്രധാന സംഭവങ്ങൾ കണ്ടെത്തൽ. | ❖ സ്വാതന്ത്ര്യത്തിനു മുൻപുള്ള ഭാരതത്തിൻറെ ദുരവസ്ഥകളെ കുറിച്ച് ധാരണ ഉണ്ടാക്കുന്നു.<br>❖ ഗാന്ധിജിയെ കുറിച്ച് ,മഹത്തായ സ്വഭാവസവിശേഷതകൾ തിരിച്ചറിയുന്നു.<br>❖ സ്വാതന്ത്ര്യസമര രീതികൾ<br>❖ ഉപ്പുസത്യാഗ്രഹം വീഡിയോ കാണാൻ അവസരം ഒരുക്കുന്നു | ജൂലൈ- ആഗസ്റ്റ് |
| പക്ഷികളുടെ പ്രാധാന്യം തിരിച്ചറിയൽ. | ❖ പക്ഷി നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു-കുറിപ്പ് തയ്യാറാക്കുന്നു | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| സസ്യ ജന്തുജാല വൈവിധ്യങ്ങളും സവിശേഷതകളും അറിയുന്നു | ❖ പ്രകൃതി നടത്തം<br>❖ ഫീൽഡ് ട്രിപ്പ് - ആവാസ വ്യവസ്ഥ കണ്ടെത്തുന്നു ആവാസവ്യവസ്ഥയുടെ നിലനിൽപ്പിനെ സ്വാധീനിക്കുന്ന ഘടകങ്ങളെ കുറിച്ച് അറിയുന്നു.<br>❖ വനത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നു<br>❖ പോസ്റ്റർ നിർമ്മാണം<br>❖ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു<br>❖ പരിസ്ഥിതി ക്ലബ്ബ് രൂപീകരിക്കുന്നു<br>❖ വാസസ്ഥലങ്ങളുടെ നാശത്തിന് കാരണമാകുന്ന മനുഷ്യന്റെ വിവേചനരഹിതമായ ഇടപെടലുകൾ കണ്ടെത്തുന്നു .പട്ടികപ്പെടുത്തുന്നു.<br>❖ പരിസരം നിരീക്ഷിച്ച് ചുറ്റുപാടുമുള്ള സസ്യങ്ങളെ പട്ടികപ്പെടുത്തുന്നു<br>❖ ഇലകളുടെ സവിശേഷതകൾ മനസ്സിലാക്കുന്നു.<br>❖ ഇല ആൽബം നിർമ്മിക്കുന്നു | **ജൂൺ - ജൂലൈ** |

# <u>Academic Master Plan</u>

**Aim – To speak, read and write English**

**Time – JUNE to MARCH**

**Pretest – To check the vocabulary and writing skill of students.**

## <u>June – July</u>

**<u>Listening skills</u>**

- **Games and action songs activities.**
- **Stories using ict.**

**<u>Speaking skills</u>**

- **Identify words using pictures**
- **Identify action words**
- **Make simple description using pictures**
- **Picture reading activities**
- **Growing sentences , picture reading, etc**

## August- September

**Develop the creative  speaking and writing.**

**Reading skills**

- **Newspaper reading, library books reading**
- **Find words**
- **Read pasr tense**
- **Rhyming words**
- **Textbook activities**
- **Describing words**

**Writing skills**

- **Make words web**
- **Picture description**
- **Make words and sentences**
- **Complete conversation**
- **Add more lines in poem or stories**

## October – November

**To express thoughts, feelings,etc.**

**Reading skill**

- **Newspaper reading, books reading**
- **Conversation, small skit, stories with the help of ict**

- **Develop their own stories**
- **Read notice**

**Writing skills**

- **Description**
- **Write notice**
- **Thought**
- **Diary**

# December – January

- ➢ **Develop the creative speaking and writing.**
- ➢ **To express thoughts and feelings.**

**Reading skills**

- **Newspaper reading, book review**
- **Conversation, skit, stories**
- **Develop story**
- **Read diary**
- **Read other friends diary, etc**

**Writing skills**

- **Diary**
- **Letter**
- **Announcement**

# February – March

**To improve the presentation power and conversation.**

**Reading skills**

- **Newspaper reading, books reading, book review**
- **Conversation, skit, stories with the help of ict**
- **Develop better stories**
- **Read diary**
- **Read letter**

**Writing skills**

- **Diary**
- **Letter**
- **Announcement**
- **Notice**
- **Picture description**
- **Thoughts**

➢ **In every month English assembly will be conducted**

# അക്കാദമിക് മാസ്റ്റർ പ്ലാൻ

**മേഖല : അക്കാദമികം**

**ഉപമേഖല : അറബിക്**

**ക്ലാസ് : I to IV**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| തെറ്റ് കൂടാതെ വായിക്കുവാനുള്ള കഴിവുണ്ടാക്കുക | അക്ഷര വായന<br>ക്ലാസ് വായന<br>ചിത്ര വായന<br>കഥ വായന<br>വാക്യങ്ങൾ ഉറപ്പിക്കൽ<br>വ്യാകരണങ്ങൾ<br>വായന മത്സരങ്ങൾ<br>ഇ-വായന<br>മാഗസിൻ വായന | ജൂൺ-ജൂലൈ<br>ജൂൺ-ഫെബ്രുവരി<br><br>നവംബർ -ഡിസംബർ<br>ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച്<br>ജൂലൈ-മാർച്ച്<br>ജൂലൈ-മാർച്ച്<br>സെപ്റ്റംബർ-മാർച്ച് | അറബിക് അധ്യാപകർ |
| അറബിക് ഭാഷാ എഴുത്തിൻടെ പരിപോഷണം | അക്ഷരങ്ങൾ ഉറപ്പിക്കൽ<br>പദങ്ങൾ ഉറപ്പിക്കൽ<br>ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>കൂട്ടി എഴുത്ത്<br>അക്ഷരക്കാർഡ് നിർമ്മാണം | ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച് | അറബിക് അധ്യാപകർ |

| | | | |
|---|---|---|---|
| | കൈയെഴുത്ത് മാസിക<br>ചാർട്ടഴുത്ത്<br>കഥ നിർമ്മിക്കാൻ | ഡിസംബർ<br>സെപ്റ്റംബർ-മാർച്ച്<br>ഒക്ടോബർ-ഫെബ്രുവരി | |
| അറബി ഭാഷാ<br>സംസാരിക്കുന്നതിന്<br>ആത്മവിശ്യാസം<br>ഉണ്ടാകുന്നതിന് | ക്ലാസ് സംഭാഷണം<br>ലാംഗ്വേജ് ഗെയിംസ്<br>ഇ-ടെക്സ്റ്റ് ഉപയോഗിച്ച്<br>അതിലുള്ള<br>സംഭാഷണങ്ങൾ<br>കേൾപ്പിക്കുന്നു<br>റോൾ പ്ലേയ്<br>പദചങ്ങല<br>പദസമ്പത് വർദ്ധിപ്പിക്കൽ | ആഗസ്റ്റ്-മാർച്ച്<br>ജൂലൈ-മാർച്ച്<br>ആഗസ്റ്റ്-മാർച്ച്<br><br>സെപ്തംബര്-മാർച്ച് | അറബിക്<br>അധ്യാപകർ |
